**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3050** **10-03-2025 - ൽ മറുപടിയ്ക്ക്**

**യുവാക്കളിലെ ആക്രമണ പ്രവണതകൾ സംബന്ധിച്ച പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | യുവാക്കളിൽ തീവ്രമായി പ്രകടമായിക്കൊണ്ടിരിക്കുന്ന അക്രമവാസനകൾ, ആത്മഹത്യാ പ്രവണതകൾ, മനോനിലയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് പഠനം നടത്തുന്നതിന് യുവജനക്ഷേമ ബോർഡോ സർക്കാരോ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | യുവജനങ്ങൾക്കിടയിൽ ആത്മഹത്യാ പ്രവണത വർധിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ ' മാനസികാരോഗ്യം ശക്തിപ്പെടുത്തുക ' എന്ന ലക്ഷ്യത്തോടെ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഇത് സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 2023 നവംബർ 20 മുതൽ പഠനം ആരംഭിച്ചു. 18 നും 40 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ നടന്ന ആത്മഹത്യകൾ പഠന വിധേയമാക്കി എല്ലാ ജില്ലകളിലുമായി 800 ൽ അധികം ആത്മഹത്യകളെ സംബന്ധിച്ച് വിദഗ്ധ സംഘം ശാസ്ത്രീയ പഠനം നടത്തി. തെരഞ്ഞെടുക്കപ്പെട്ട 195 എം.എസ്.ഡബ്ല്യൂ / സൈക്കോളജി വിദ്യാർത്ഥികളുടെ സഹായത്തോടുകൂടിയാണ് സർവ്വേ നടത്തിയത്. ലോകത്താകെ യുവജനങ്ങൾക്കിടയിൽ ആത്മഹത്യകൾ വർധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സമാന അനുഭവങ്ങൾ പഠിച്ച പരിഹാരമാർഗങ്ങൾ നിർദേശിക്കുന്ന തരത്തിലാണ് പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. പഠന റിപ്പോർട്ട് 18.01.2024-ന കമ്മീഷൻ ചെയർമാൻ ബഹു. മുഖ്യമന്ത്രിക്കു കൈമാറിയിട്ടുണ്ട്. യുവാക്കളിൽ തീവ്രമായി പ്രകടമായിക്കൊണ്ടിരിക്കുന്ന അക്രമവാസനകൾ, ആത്മഹത്യാ പ്രവണതകൾ, മനോനിലയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ എന്നിവ സംബന്ധിച്ചും, യുവാക്കൾ കുടുംബത്തിലും സമൂഹത്തിലും അക്രമങ്ങളിൽ പങ്കാളികളാകുന്നതിലേക്ക് നയിക്കുന്ന സാഹചര്യങ്ങളെക്കുറിച്ചും കൂടുതൽ പഠനം നടത്തേണ്ടതുണ്ട്. കൂടാതെ മയക്കുമരുന്ന്, മദ്യം, ഡിജിറ്റൽ മീഡിയകളുടെ അമിത ഉപയോഗം, സിനിമകളിലെ അക്രമ സീനുകളുടെ അതിപ്രസരം എന്നിവ അക്രമവാസനകൾക്ക് പ്രചോദനമാകുന്ന സാഹചര്യത്തിൽ ഈ വിഷയങ്ങളിലും കൂടുതൽ |

സമഗ്രമായ പഠനം നടത്തേണ്ടതുണ്ട്. നിലവിൽ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ള ശാസ്ത്രീയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുവതലമുറയെ ഇത്തരം മാനസികാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ച് സർക്കാരിന് ശുപാർശ സമർപ്പിക്കുന്നമുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

‘No To Drugs’ എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എം.എൽ.എ മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. കൂടാതെ, 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിന്ന വിവിധങ്ങളായ ക്യാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരി വിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജെന്റേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ ക്യാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ 'ഉയിർപ്പ്' എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവു നാടകം, തെരുക്കൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.

സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരായി തിരുവനന്തപുരത്തുള്ള കരിമഠം കോളനി , ചെങ്കൽച്ചൂള കോളനി (രാജാജി നഗർ)

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കിടയിൽ ‘ Real to Reel ’ എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുകയുണ്ടായി. ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രം നിർമ്മിക്കുകയുണ്ടായി. |
| (ബി) | കുടുംബത്തിലും സമൂഹത്തിലും അക്രമങ്ങളിൽ പങ്കാളികളാകുന്നതിലേക്ക് നയിക്കുന്ന സാഹചര്യങ്ങളെക്കുറിച്ച് പഠിച്ച് അതിൽ നിന്ന് യുവാക്കളെ പിന്തിരിപ്പിക്കുന്നതിന് ആവശ്യമായ കർമ്മ പദ്ധതികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | യുവജനങ്ങൾക്കിടയിൽ ആത്മഹത്യാ പ്രവണത വർധിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ ' മാനസികാരോഗ്യം ശക്തിപ്പെടുത്തുക ' എന്ന ലക്ഷ്യത്തോടെ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഇത് സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 2023 നവംബർ 20 മുതൽ പഠനം ആരംഭിച്ചു. 18 നും 40 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ നടന്ന ആത്മഹത്യകൾ പഠന വിധേയമാക്കി എല്ലാ ജില്ലകളിലുമായി 800 ൽ അധികം ആത്മഹത്യകളെ സംബന്ധിച്ച് വിദഗ്ധ സംഘം ശാസ്ത്രീയ പഠനം നടത്തി. തെരഞ്ഞെടുക്കപെട്ട 195 എം.എസ്.ഡബ്ല്യൂ / സൈക്കോളജി വിദ്യാർത്ഥികളുടെ സഹായത്തോടുകൂടിയാണ് സർവ്വേ നടത്തിയത്. ലോകത്താകെ യുവജനങ്ങൾക്കിടയിൽ ആത്മഹത്യകൾ വർധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സമാന അനുഭവങ്ങൾ പഠിച്ച പരിഹാരമാർഗങ്ങൾ നിർദേശിക്കുന്ന തരത്തിലാണ് പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. പഠന റിപ്പോർട്ട് 18.01.2024-ന് കമ്മീഷൻ ചെയർമാൻ ബഹു. മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ട്. യുവാക്കളിൽ തീവ്രമായി പ്രകടമായിക്കൊണ്ടിരിക്കുന്ന അക്രമവാസനകൾ, ആത്മഹത്യാ പ്രവണതകൾ, മനോനിലയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ എന്നിവ സംബന്ധിച്ചും, യുവാക്കൾ കുടുംബത്തിലും സമൂഹത്തിലും അക്രമങ്ങളിൽ പങ്കാളികളാകുന്നതിലേക്ക് നയിക്കുന്ന സാഹചര്യങ്ങളെക്കുറിച്ചും കൂടുതൽ പഠനം നടത്തേണ്ടതുണ്ട്. കൂടാതെ മയക്കുമരുന്ന്, മദ്യം, ഡിജിറ്റൽ മീഡിയകളുടെ അമിത ഉപയോഗം, സിനിമകളിലെ അക്രമ സീനുകളുടെ അതിപ്രസരം എന്നിവ അക്രമവാസനകൾക്ക് പ്രചോദനമാകുന്ന സാഹചര്യത്തിൽ ഈ വിഷയങ്ങളിലും കൂടുതൽ സമഗ്രമായ പഠനം നടത്തേണ്ടതുണ്ട്. നിലവിൽ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ള ശാസ്ത്രീയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുവതലമുറയെ ഇത്തരം മാനസികാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ചു സർക്കാരിന് |

| | | | |
|---|---|---|---|
| | | | ശുപാർശ സമർപ്പിക്കുന്നമുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.<br><br>'No To Drugs' എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ പദ്ധതിയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എം.എൽ.എ മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. കൂടാതെ, 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിന്ന വിവിധങ്ങളായ ക്യാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരി വിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജെന്റേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ ക്യാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ 'ഉയിർപ്പ്' എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവു നാടകം, തെരുക്കൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.<br><br>സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരായി തിരുവനന്തപുരത്തുള്ള കരിമഠം കോളനി , ചെങ്കൽച്ചൂള കോളനി (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കിടയിൽ ' Real to Reel ' എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുകയുണ്ടായി. ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രം നിർമ്മിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (സി) | മയക്കമരുന്ന്, മദ്യം, ഡിജിറ്റൽ മീഡിയകളുടെ അമിത ഉപയോഗം, സിനിമകളിലെ അക്രമ സീനുകളുടെ അതിപ്രസരം എന്നിവ അക്രമവാസനകൾക്ക് പ്രചോദനമാകുന്നുണ്ടോ എന്ന് വിലയിരുത്തി യുവതലമുറയെ ഇത്തരം മാനസികാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് കർമ്മപദ്ധതികൾ അവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | യുവജനങ്ങൾക്കിടയിൽ ആത്മഹത്യാ പ്രവണത വർധിക്കുന്ന സാഹചര്യത്തിൽ യുവജനങ്ങളുടെ ' മാനസികാരോഗ്യം ശക്തിപ്പെടുത്തുക ' എന്ന ലക്ഷ്യത്തോടെ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഇത് സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 2023 നവംബർ 20 മുതൽ പഠനം ആരംഭിച്ചു. 18 നും 40 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ നടന്ന ആത്മഹത്യകൾ പഠന വിധേയമാക്കി എല്ലാ ജില്ലകളിലുമായി 800 ൽ അധികം ആത്മഹത്യകളെ സംബന്ധിച്ച് വിദഗ്ധ സംഘം ശാസ്ത്രീയ പഠനം നടത്തി. തെരഞ്ഞെടുക്കപെട്ട 195 എം.എസ്.ഡബ്ല്യൂ / സൈക്കോളജി വിദ്യാർത്ഥികളുടെ സഹായത്തോടുകൂടിയാണ് സർവ്വേ നടത്തിയത്. ലോകത്താകെ യുവജനങ്ങൾക്കിടയിൽ ആത്മഹത്യകൾ വർധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സമാന അനുഭവങ്ങൾ പഠിച്ച പരിഹാരമാർഗങ്ങൾ നിർദേശിക്കുന്ന തരത്തിലാണ് പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. പഠന റിപ്പോർട്ട് 18.01.2024-ന് കമ്മീഷൻ ചെയർമാൻ ബഹു. മുഖ്യമന്ത്രിക്ക് കൈമാറിയിട്ടുണ്ട്. യുവാക്കളിൽ തീവ്രമായി പ്രകടമായിക്കൊണ്ടിരിക്കുന്ന അക്രമവാസനകൾ, ആത്മഹത്യാ പ്രവണതകൾ, മനോനിലയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ എന്നിവ സംബന്ധിച്ചും, യുവാക്കൾ കുടുംബത്തിലും സമൂഹത്തിലും അക്രമങ്ങളിൽ പങ്കാളികളാകുന്നതിലേക്ക് നയിക്കുന്ന സാഹചര്യങ്ങളെക്കുറിച്ചും കൂടുതൽ പഠനം നടത്തേണ്ടതുണ്ട്. കൂടാതെ മയക്കമരുന്ന്, മദ്യം, ഡിജിറ്റൽ മീഡിയകളുടെ അമിത ഉപയോഗം, സിനിമകളിലെ അക്രമ സീനുകളുടെ അതിപ്രസരം എന്നിവ അക്രമവാസനകൾക്ക് പ്രചോദനമാകുന്ന സാഹചര്യത്തിൽ ഈ വിഷയങ്ങളിലും കൂടുതൽ സമഗ്രമായ പഠനം നടത്തേണ്ടതുണ്ട്. നിലവിൽ യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയിട്ടുള്ള ശാസ്ത്രീയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുവതലമുറയെ ഇത്തരം മാനസികാവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ കമ്മീഷൻ സ്വീകരിച്ച് സർക്കാരിന് ശുപാർശ സമർപ്പിക്കുന്നമുറയ്ക്ക് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.<br><br>'No To Drugs' എന്ന മുദ്രാവാക്യമുയർത്തി കേരള സർക്കാർ സംഘടിപ്പിച്ച മയക്കമരുന്നിനെതിരെ ജനകീയ പ്രതിരോധം ഒരുക്കുവാനുള്ള വിപുലമായ |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പങ്കാളിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി 2022 മാർച്ച് 30 ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി 'ജനസഭ' എന്ന പേരിൽ ജനകീയ കൂട്ടായ്മ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരിവിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ സംഘടിപ്പിച്ചു. മന്ത്രിമാർ, എം.എൽ.എ മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്, എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ സംബന്ധിക്കുകയുണ്ടായി. കൂടാതെ, 2022 ഒക്ടോബർ മുതൽ 2023 ജനുവരി വരെ നീണ്ടുനിന്ന വിവിധങ്ങളായ ക്യാമ്പയിനുകൾ യുവജനക്ഷേമ ബോർഡ് സംഘടിപ്പിക്കുകയുണ്ടായി. ലഹരി വിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടുള്ള കൂട്ടയോട്ടം, യുവ അഭിഭാഷകരുടെ കൂട്ടായ്മ, ട്രാൻസ്ജെന്റേഴ്സ് വിഭാഗങ്ങളിലുള്ളവരുടെ ക്യാമ്പയിൻ, ടെക്നോപാർക്ക്, ഇൻഫോപാർക്ക് എന്നിവിടങ്ങളിലെ ഐറ്റി പ്രൊഫഷണലുകളുടെ ക്യാമ്പയിൻ എന്നിവ സംഘടിപ്പിച്ചു. ഇതുകൂടാതെ, യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ലഹരിക്കെതിരെയുള്ള കലാജാഥ 'ഉയിർപ്പ്' എന്ന പേരിൽ സംഘടിപ്പിക്കുകയുണ്ടായി. ഈ കലാജാഥയിൽ തെരുവു നാടകം, തെരുക്കൂത്ത്, ഫ്ളാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.<br><br>സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരായി തിരുവനന്തപുരത്തുള്ള കരിമഠം കോളനി , ചെങ്കൽച്ചൂള കോളനി (രാജാജി നഗർ) എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കിടയിൽ ‘ Real to Reel ’ എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമ നിർമ്മാണ ശിൽപശാലയും സംഘടിപ്പിക്കുകയുണ്ടായി. ലഹരിക്കെതിരെയുള്ള ബോധവൽക്കരണത്തിന്റെ ഭാഗമായി ഒരു പ്രചരണ ചിത്രം നിർമ്മിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ